# തിരുവചനത്തനയരാകാം.

ഫാ. കുര്യൻ തണ്ണിപ്പാറ

## നോമ്പുകാലം ഒന്നാം ഞായർ, മത്താ 4:1–11

ഈശോയുടെ പരസ്യജീവിതകാലത്തെ പരീക്ഷകളുടെയെല്ലാം സാരസംഗ്രഹരൂപേണ, പ്രതീകാത്മകമായി ത്രിവിധ പ്രലോഭനങ്ങളാണ് ഇന്നത്തെ സുവിശേഷവായനയിലെ (ലൂക്കാ 4:1–11) പ്രതിപാദ്യവിഷയം. മൂന്നവസരങ്ങളിലും ഈശോ ദൈവപുത്രനെന്ന നിലയിൽ പിതാവിന്റെ അഭീഷ്ടം നിറവേറ്റുന്നതായി ചിത്രീകരിച്ചിരിക്കുന്നു.പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനായ ഈശോ പൈശാചികപ്രലോഭനങ്ങളിൽ പരാജിതനായില്ല, പരീക്ഷകനെ തോല്പിച്ചോടിച്ചു (വാക്യം 11).പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിറഞ്ഞ ദൈവപുത്രൻ ജറൂസലേമിലേക്കുള്ള (സ്വർഗ്ഗീയജറൂസലേമിന്റെ പ്രതീകം) പ്രയാണം തുടർന്നു. മരണോത്ഥാനാനുഭവം വഴി നിത്യജീവനിൽ പ്രവേശിച്ചു. ഈശോയാണ് പുതിയ ഉടമ്പടിജനത്തിന്റെ ജീവിതമാതൃകയും ഉദാത്തനിദർശനവും.പരീക്ഷകളെ തിരുസുതനോടൊത്തു നേരിട്ട്, തങ്ങൾക്കുതന്നെ മരിച്ച്, ഉത്ഥാനജീവിതത്തിലേക്കു പ്രവേശിക്കുവാൻ ഈ നോമ്പുകാലം നമ്മെ ആഹ്വാനം ചെയ്യുന്നു.

ഈശോയ്ക്കു നേരിടേണ്ടിവന്ന പരീക്ഷ/പരീക്ഷണങ്ങളെക്കുറിച്ച് നാലു സുവിശേഷകന്മാരും രേഖപ്പെടുത്തുന്നുണ്ട്. ശത്രുതയിൽനിന്ന് ഉടലെടുത്ത വഴിതെറ്റിക്കാനുള്ള ദുഷ്ടപ്രവർത്തനങ്ങളെയും നീക്കങ്ങളെയുമെല്ലാം ഈശോ പരസ്യജീവിതത്തിലുടനീളം നേരിടേണ്ടിവന്നു. ഇത്തരം പ്രതിഭാസങ്ങളെ നിഷ്ഫലമാക്കുന്നതിന് ദൈവപുത്രൻ എന്ന നിലയ്ക്കുള്ള തന്റെ അധികാരശക്തി ഉപയോഗിക്കുന്നതിന് അവിടുന്ന് തീർച്ചയായും പ്രലോഭിതനായിരിക്കണം. പക്ഷേ, താൻ അയയ്ക്കപ്പെട്ട ഉദ്ദേശ്യത്തിനല്ലാതെ, അധികാരശക്തി ഉപയോഗിക്കാനുള്ള പ്രലോഭനത്തിനു വഴങ്ങിക്കൊടുക്കാൻ തിരുസുതൻ തയ്യാറായില്ല. മൂന്നവസരങ്ങളിലും പിതാവിന്റെ അഭീഷ്ടം നിറവേറ്റുന്ന, വത്സലതാതനോടു വിശ്വസ്തത പുലർത്തുന്ന ദൈവപുത്രനായ ഈശോയെ നാം കാണുന്നു. മൂന്നു പ്രലോഭനങ്ങളെയും കൂട്ടിയിണക്കുന്നതു നിയമാവർത്തനഗ്രന്ഥത്തിൽനിന്നുള്ള ഉദ്ധരണികളാണ്. അവ പുറപ്പാടുസംഭവത്തിലെ മൂന്നു രംഗങ്ങളെ ആസ്പദമാക്കിയുള്ളതാണ്.

ഇസ്രായേൽക്കാരുടെ പൂർവ്വികർ മാസായിലും മെരീബായിലുംവച്ച് കഠിനഹൃദയരായി ദൈവത്തെ പരീക്ഷിച്ചെങ്കിൽ, പുതിയ ഇസ്രായേലിന്റെ മൂർത്തബിംബമായ ഈശോ അത്തരം പ്രലോഭനങ്ങളെ അനുസരണയോടെ അതിജീവിക്കുന്നു. പ്രലോഭനത്തിന്റെ ആഖ്യാനത്തിൽ ഈശോ പുതിയ ഇസ്രായേലിന്റെ ആദ്യജാതൻ മാത്രമല്ല, പുതിയ ആദവുമാണ്. ആദ്യ ആദത്തിന്റെ എതിർരൂപം. ആദ്യ ആദം ദൈവത്തെപ്പോലെയാകാനുള്ള പരീക്ഷയിൽ അകപ്പെട്ട് ലോകാധിപതിയാകാൻ പരിശ്രമിച്ചു. പ്രലോഭകനുവഴങ്ങി അവന്റെ മുമ്പിൽ കുമ്പിട്ടു. പുതിയ ആദം ദൈവത്തോടു തനിക്കുണ്ടായിരുന്ന സമാനത പരിത്യജിച്ചവനാണ്. സ്വയം ശൂന്യവൽക്കരണത്തിലൂടെ പിതൃഹിതം നിറവേറ്റിയവനാണ്;പിതാവിനു തന്നെക്കുറിച്ചുള്ള പദ്ധതി സാക്ഷാത്കരിച്ചവനാണ്. തന്നെ പരീക്ഷിച്ച പിശാചിന് ഈശോ മുന്നറിയിപ്പു നൽകുകയാണ്, ദൈവത്തെ പരീക്ഷിക്കരുതെന്ന്. ഓരോ പ്രലോഭനാവസരത്തിലും ദൈവവചനംകൊണ്ട് വചനരൂപൻ പിശാചിനെ പരാജയപ്പെടുത്തി. കാരണം ഈശോ ദിവ്യാത്മാവിന്റെ വാളാണ് ധരിച്ചിരിക്കുന്നത് (എഫേ.6:17).ഈശോ വചനമുപയോഗിച്ച് പിതാവിന്റെ പദ്ധതി സംരക്ഷിക്കുന്നു; തിരുവചനത്തോടുള്ള പ്രതിബദ്ധത നിറവേറ്റുന്നു.

പ്രിയമുള്ളവരേ, നോമ്പുകാലം പരീക്ഷകളോടു പടവെട്ടി വിജയം കൈവരിക്കേണ്ട നാളുകളാണ്. ദിവ്യാത്മാവിന്റെ വാൾ ധരിച്ചുകൊണ്ട്, അരൂപിയിൽ നിറഞ്ഞു ജീവിക്കുവാൻ ഈ നോമ്പുകാലത്ത് സവിശേഷമാംവിധം ശ്രദ്ധിക്കാം. ആകുലതകളും വേദനകളും ഈശോയുടെ പീഡാസഹനങ്ങളോടു ചേർത്ത് രക്ഷാകരാനുഭവമാക്കാം. സഹിച്ചുകൊണ്ടു മഹത്ത്വത്തിലേക്കു പ്രവേശിക്കാം;ഉത്ഥാനത്തിന്റെ തനയരാകാം. നോമ്പുകാലജീവിതം വചനബദ്ധമാകണം. തിരുവചനങ്ങളിലൂടെ സഞ്ചരിച്ച് തിരുവചനതനയരായി അമൃതം പകരുന്ന ധന്യജീവിതത്തിന്റെ ഉടമകളായി മാറാം.

SMCC-VACHANAVEDI http://www.syromalabarcatechesis.org

# പ്രലോഭനങ്ങളെ പരാജയപ്പെടുത്താൻ

**ഫാ.ജോർജ് ദാനവേലിൽ**

**സീറോ** മലബാർ സഭയുടെ ആരാധന ക്രമവത്സരത്തിൽ ദനഹാക്കാലത്തിനും ഉയിർപ്പുതിരുനാളിനുമിടയ്ക്കുള്ള ഏഴ് ആഴ്ചക്കാലം, പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കിവച്ചിരിക്കുന്ന നോമ്പുകാലം എന്നാണല്ലോ അറിയപ്പെടുന്നത്.

ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസമാണ് വലിയ നോമ്പ് എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലത്തിന്റെ അടിസ്ഥാനം. മാർത്തോമ്മാക്രിസ്ത്യാനികൾക്ക് പേത്തുർത്താ ഞായർ മുതൽ നോമ്പുദിനങ്ങളായി കണക്കാക്കുന്ന പാരമ്പര്യമാണുള്ളത്. പേത്തുർത്താ എന്ന സുറിയാനി പദത്തിന്റെ അർത്ഥം തിരിഞ്ഞു നോക്കൽ, അനുരഞ്ജനം എന്നെല്ലാമാണ്. മനുഷ്യരും ദൈവവുമായും, മനുഷ്യർ തമ്മിൽത്തമ്മിലും അനുരഞ്ജിതരാകേണ്ടതിന്റെ ആവശ്യകതയിലേക്കു നോമ്പുകാലം സഭാസന്താനങ്ങളുടെ ശ്രദ്ധതിരിക്കുന്നു. ഈ അനുരഞ്ജനം നടക്കേണ്ടത് നോമ്പുതുടങ്ങുമ്പോൾ മുതലാണ്, അല്ലാതെ നോമ്പ് അവസാനിക്കുമ്പോൾ നടത്താനായി മാറ്റിവയ്ക്കേണ്ട ഒന്നല്ല.

മനുഷ്യമനസ്സ് എപ്പോഴും പോരാട്ടത്തിന്റെ വേദിയാണ്. നന്മയും തിന്മയും തമ്മിലുള്ള പോരാട്ടങ്ങൾ അവിടെ നിരന്തരം നടക്കുന്നു. തിന്മയെ നിരാകരിച്ച് നന്മയെ പുല്കുവാൻ മനുഷ്യമനസ്സ് വെമ്പുമ്പോഴും ആസക്തികളും അത്യാഗ്രഹങ്ങളും വീണ്ടും തിന്മയുടെ പാതയിലേക്ക് മനുഷ്യനെ നയിക്കുന്നു. നന്മതിന്മകൾ തമ്മിലുള്ള ഈ പോരാട്ടത്തിനിടയിൽ മനുഷ്യൻ വീണുപോകാതിരിക്കേണ്ടത് എങ്ങനെയെന്ന് സുവിശേഷകനായ വി. മത്തായി ഈശോയുടെ ജീവിതത്തിലൂടെ നമ്മെപഠിപ്പിക്കുന്നു.

നാല്പതു ദിനരാത്രങ്ങൾ ഉപവസിച്ച് പിതാവുമായുള്ള നിരന്തര സഹവാസത്തിലായിരുന്ന ഈശോയുടെ അടുത്തേക്കാണ് പ്രലോഭകൻ പ്രലോഭനങ്ങളുമായി കടന്നുവരിക. ഇത് ഈശോയുടെ ജീവിതത്തിൽ മാത്രമല്ല നമ്മുടെ ജീവിതത്തിലും സംഭവിക്കാം. ദൈവവുമായി വളരെയേറെ അടുക്കുന്നു എന്ന തോന്നലുളവാകുമ്പോൾത്തന്നെ നമ്മെ വീഴ്ത്താനുള്ള പ്രലോഭനങ്ങളും ശക്തമായി ഉയർന്നുവരാം. ഇതു മുന്നിൽ കണ്ടാകണം ഈശോ പറഞ്ഞത്, നില്ക്കുന്നു എന്നു കരുതുന്നവൻ വീഴാതിരിക്കാൻ സൂക്ഷിക്കട്ടെ. പ്രലോഭനം എന്നാൽ പരീക്ഷണം എന്നാണ് അർത്ഥമാക്കുക. തിന്മയുടെ ശക്തിയെ അതിജീവിക്കാനുള്ള ശക്തിയുണ്ടോ എന്നു മാറ്റുരച്ചുനോക്കലാണ് പ്രലോഭനങ്ങൾ. മാനുഷികതയുടെ ഭാഗമായ പ്രലോഭനങ്ങൾക്കു മുമ്പിലാണ് മനുഷ്യന്റെ ആത്മീയതയുടെ കരുത്ത് തെളിയേണ്ടത്. യാക്കോബ്ശ്ലീഹ പറയുന്നു, ‘പരീക്ഷകളെ ക്ഷമയോടെ സഹിക്കുവിൻ. എന്തെന്നാൽ ഒരുവൻ പരീക്ഷകളെ അതിജീവിച്ചുകഴിയുമ്പോൾ തന്നെ സ്നേഹിക്കുന്നവർക്കു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം അവനു ലഭിക്കും‘ (1:12). പ്രലോഭനങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. എന്നാൽ അതിനെ അതിജീവിക്കാൻ കഴിയുക എന്നതാണു പ്രധാനം. കാരണം ജീവന്റെ കിരീടമാണ് അതിലൂടെ ലഭിക്കുക. ആത്മീയമായി കരുത്താർജ്ജിച്ച മനുഷ്യന് ഈ പ്രലോഭനങ്ങളെ അതിജീവിക്കാൻ സാധിക്കും. പക്ഷേ ഒരിക്കൽ പ്രലോഭനങ്ങളെ അതിജീവിച്ചാൽത്തന്നെയും

വീണ്ടും അവസരം ലഭിക്കുമ്പോൾ തിന്മയുടെ ശക്തി ഉയർത്തെഴുന്നേല്ക്കുക തന്നെ ചെയ്യും. അതിനാൽ ആത്മീയശക്തി നിറഞ്ഞവരായിരിക്കാൻ നാം സദാജാഗരൂകരാകേണ്ടിയിരിക്കുന്നു.

മൂന്നു പ്രലോഭനങ്ങളുമായാണ് പ്രലോഭകൻ ഈശോയുടെ മുമ്പിൽ പ്രത്യക്ഷപ്പെടുക. നീ ദൈവപുത്രനാണെങ്കിൽ കല്ലുകൾ അപ്പമാക്കി ഭക്ഷിക്കുക എന്നതാണ് ഒന്നാമത്തെ പ്രലോഭനം. പ്രലോഭകന്റെ ഉദ്ദേശ്യം വളരെ വ്യക്തമാണ്, പിതാവു നല്കിയിരിക്കുന്ന കഴിവ് തന്റെതന്നെ സ്വാർത്ഥമോഹപൂരണത്തിനും ഉദരപൂരണത്തിനുമായി ഉപയോഗിക്കാൻ നിർബന്ധിക്കുക. ഇതിലൂടെ ഈശോയെ യഥാർത്ഥ ലക്ഷ്യത്തിൽ നിന്നു വ്യതിചലിപ്പിക്കാം എന്നാണ് പ്രലോഭകർ കരുതുക. മനുഷ്യന്റെ ശാരീരികമായ സകലമോഹങ്ങൾക്കും വേണ്ടിയുള്ള ദാഹമാണ് ഈ പ്രലോഭനത്തിന്റെ ഉള്ളടക്കം. ഈ ദാഹത്തിനുപിന്നിൽ വീണുപോയിട്ടുള്ള എത്രയോ മനുഷ്യരുണ്ട്. എന്നാൽ പ്രലോഭകന്റെ ചോദ്യത്തിനുള്ള മറുപടിയായി ഈശോപറയുക, മനുഷ്യന് ശാരീരികമായ ആവശ്യങ്ങൾ മാത്രമല്ല ആദ്ധ്യാത്മികമായ ആവശ്യങ്ങൾക്കൂടിയുണ്ട് എന്നാണ്. അതുകൂടി തൃപ്തിപ്പെടുത്താനുള്ള വഴി അവൻ തേടേണ്ടതുണ്ട്. ഈ തിരിച്ചറിവാണ് ആവശ്യമായിരിക്കുന്നത്.

രണ്ടാമത് പ്രലോഭകൻ ആവശ്യപ്പെടുക, ദൈവാലയഗോപുരത്തിനുമുകളിൽനിന്നു താഴേക്കു ചാടാനാണ്. പിതാവു നല്കിയ കഴിവുപയോഗിച്ച് സ്വയം വലിയവനായി അഭിനയിക്കുക. എളുപ്പവഴിയാണ് പ്രലോഭകൻ ഇവിടെ ചൂണ്ടിക്കാണിക്കുക, സഹനത്തിന്റെ പാതയിലൂടെ സാധിക്കേണ്ട മനുഷ്യരക്ഷയ്ക്കു പകരം അദ്ഭുതം കാണിച്ച് മനുഷ്യരെ ആകർഷിച്ച് അവരുടെ മുമ്പിൽ വലിയവനാകാനുള്ള ആഹ്വാനമാണ് നല്കുക. പ്രശസ്തിക്കു വേണ്ടിയുള്ള ഈ പ്രലോഭനം എത്രയോപേരെ വഴിതെറ്റിച്ചിരിക്കുന്നു. എന്നാൽ ഇതിലൂടെയും ഈശോയെ കീഴടക്കാൻ സാധിക്കില്ല എന്നു മനസ്സിലാക്കുമ്പോൾ അധികാരം എന്ന പ്രലോഭനവുമായി പ്രലോഭകൻ വീണ്ടും പ്രത്യക്ഷപ്പെടുന്നു. എളുപ്പവഴിയിലൂടെ അധികാരം നേടിയെടുക്കാനുള്ള ഒരു ഉപദേശം അതാണ് പ്രലോഭകൻ മൂന്നാമതു നല്കുക. എന്നാൽ നാല്പതു ദിവസം നീണ്ടുനിന്ന ഉപവാസവും പിതാവിനോടൊത്തുള്ള സഹവാസവും വഴി ആത്മീയമായി ശക്തി സംഭരിച്ചിരുന്ന ഈശോയ്ക്ക് മൂന്നു പ്രലോഭനങ്ങളെയും അനായാസം അതിജീവിക്കാൻ കഴിഞ്ഞു. തിന്മയെ നന്മയായും നിസ്സാരമായതിനെ മഹത്തരമായും അവതരിപ്പിക്കുന്ന പ്രലോഭനങ്ങൾ ഇന്നും നമ്മുടെ മുമ്പിൽ പലരൂപത്തിലും ഭാവത്തിലും ഉയരുന്നു. ഭൗതിക മോഹങ്ങളെ തൃപ്തിപ്പെടുത്താനുള്ള കുറുക്കുവഴികൾ കാണുമ്പോൾ മനുഷ്യർ അറിയാതെ അതിൽ വീണുപോകുന്നു. തങ്ങളുടെ അധികാരവും സ്വാധീനവുമുപയോഗിച്ച് കള്ളത്തരത്തിലൂടെയും കൈക്കൂലിയിലൂടെയും പണമുണ്ടാക്കി അത് അപ്പമായും ഭൗതിക സുഖസൗകര്യങ്ങളായും മാറ്റി പലരും വിലസുന്നതുകാണുമ്പോൾ സത്യത്തിന്റെയും നീതിയുടെയും മാർഗ്ഗത്തിൽക്കൂടി ചരിക്കുന്ന സാധാരണക്കാരൻ അസ്വസ്ഥനാകുന്നു. നല്ല പേരിനുവേണ്ടിയും

പ്രശസ്തിക്കുവേണ്ടിയും കുറുക്കുവഴികൾ തേടി കള്ളത്തരങ്ങൾ കാണിച്ച് ഊതിവീർപ്പിച്ച വ്യക്തിത്വവുമായി വിലസുന്ന പകൽമാന്യൻമാരുമുണ്ട്. തങ്ങളുടെ നേട്ടങ്ങൾക്കുവേണ്ടി കൈവിഷം, കൂടോത്രം തുടങ്ങി മന്ത്രതന്ത്രാദികളെ ആശ്രയിക്കാനും പലർക്കും മടിയില്ല. ഇങ്ങനെയുള്ളവർക്കു പോലും സമൂഹം മാന്യത നല്കുന്നതുകാണുമ്പോഴാണ് പല നല്ല മനുഷ്യർക്കും ഇവരുടെ വഴിയെ ചരിക്കാനുള്ള പ്രേരണ പലപ്പോഴും ലഭിക്കുന്നതുതന്നെ. പക്ഷേ ഇത്തരക്കാർ യഥാർത്ഥമായ ശാന്തിയും സമാധാനവും നിലനില്ക്കുന്ന സന്തോഷവും അനുഭവിക്കുന്നവരാണോ എന്നു തിരയുമ്പോഴാണ് ഇവരൊക്കെ അനുഭവിക്കുന്ന ആന്തരികസംഘർഷങ്ങളും അസ്വസ്ഥതകളും പലപ്പോഴും മനസ്സിലാവുക.

ഈശോയുടെ ജീവിതത്തിലുണ്ടായതുപോലുള്ള പ്രലോഭനങ്ങൾ നമ്മുടെ ജീവിതത്തിലും ഉണ്ടാവും എന്നത് യഥാർത്ഥ്യമാണ്. ഇതിൽ നാം വീഴാതിരിക്കാനുള്ള ആത്മീയശക്തി സംഭരിക്കാനും വീണവർ എഴുന്നേറ്റ് തെറ്റുകൾ തിരുത്തി പുതുചൈതന്യത്തോടെ മുന്നോട്ടു പോകാനുമുള്ള കാലമാണ് നോമ്പുകാലം. പ്രലോഭനങ്ങളെയെല്ലാം തിരുവചനങ്ങളാലാണ് ഈശോ നേരിട്ടതെന്നു നമുക്കു മറക്കാതിരിക്കാം.

SMCC-VACHANAVEDI http://www.syromalabarcatechesis.org

# പരീക്ഷകളെ നേരിടുന്ന ദൈവപുത്രൻ

**ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**

**വി.** മർക്കോസിന്റെ രണ്ടു വാക്യങ്ങളെ (1:12-13) മത്താ. 4:1-11 ഉം ലൂക്കാ 4:1-13 ഉം അജപാലനലക്ഷ്യത്തോടെ വ്യാഖ്യാനിച്ചു വിപുലീകരിച്ചതാണ് ഈ സുവിശേഷഭാഗം. സാത്താനെ പരാജയപ്പെടുത്താനുള്ള ദൗത്യവുമായി വന്ന ഈശോ സിംഹമടയിൽ കയറി സിംഹത്തെ നേരിടുന്ന ധീരതയോടെ, പിശാചിന്റെ ആവാസകേന്ദ്രമെന്നു കരുതപ്പെട്ടിരുന്ന മരുഭൂമിയിലെത്തി (മത്താ.12:43) അവനെ നേരിടുകയാണ്. മരുഭൂമിയിൽ 40 ദിനരാത്രങ്ങൾ ഉപവസിച്ച് ആത്മാവിൽ അതുല്ല്യകരുത്ത് നേടിയ അവിടുന്നു നടത്തിയ ഉപവാസത്തെ മരുഭൂമിയിലെ മോശയുടെയും ഏലിയായുടെയും 40 ദിവത്തെ ഉപവാസങ്ങളുടെയും ഇസ്രായേൽക്കാരുടെ 40 വർഷങ്ങളിലെ മരുഭൂമി വാസത്തിന്റെയും വെളിച്ചത്തിൽ കാണാവുന്നതാണ്.

പരീക്ഷിക്കപ്പെടുന്ന വ്യക്തി ധാർമ്മികമായി അപൂർണ്ണതയുള്ള ആളായിരിക്കണമെന്നില്ല. അല്ലെങ്കിൽ കർത്താവു പരീക്ഷിക്കപ്പെടുകയില്ലല്ലോ. അതായത്, മനുഷ്യനുള്ളതുപോലെ പാപത്തിലേക്കുള്ള ചാച്ചിൽ പരീക്ഷിക്കപ്പെടാനുള്ള അവശ്യവ്യവസ്ഥയല്ല. കർത്താവു നേരിട്ട പരീക്ഷണം മനുഷ്യർക്കു സഹജമായതുപോലെ ഉള്ളിൽ നിന്നല്ല, പുറമേ നിന്നാണ്. പുറമേ നിന്നുള്ളത് സ്വഭാവത്തെ ദുർബലപ്പെടുത്തണമെന്നില്ല;എന്നാൽ അതിനെ അതിജീവിച്ചുകഴിയുമ്പോൾ വ്യക്തിയുടെ വിശുദ്ധി ഗണ്യമായി വർദ്ധിക്കും. ഉള്ളിൽനിന്നുള്ള പരീക്ഷണമല്ലെങ്കിലും അത് അവിടുത്തെ ആത്മാവിന്റെ അനുഭവമാണ്. പിശാചിനെ ഏതാണ്ട് നമുക്ക് കാണത്തക്കവിധം ഈ പരീക്ഷണം യഥാർത്ഥമാണ്. ഈ അനുഭവം ബാഹ്യമായിരുന്നെങ്കിൽ ഭൂമിയിലെ എല്ലാ രാജ്യങ്ങളും കാണാനാവുമായിരുന്നില്ല. ഈശോ നേരിട്ടു ശിഷ്യരോടു പങ്കുവച്ചതിനാൽ മാത്രമേ ഈ അനുഭവം മറ്റുള്ളവർ അറിഞ്ഞിട്ടുള്ളൂ.

മനുഷ്യന്റെ സാധാരണ അഭിവാഞ്ഛകളല്ല ഈശോ അഭിമുഖീകരിക്കുന്ന പരീക്ഷണങ്ങൾ. മനുഷ്യൻ നേരിടുന്ന പ്രലോഭനങ്ങൾ ശരീരത്തിന്റെയോ - വിഷയാസക്തി, ഭോജനപ്രിയം -മനസ്സിന്റെയോ അഹങ്കാരം, അസൂയ, വസ്തുക്കളോടുള്ള വിഗ്രഹാരാധനപരമായ സ്നേഹം അഥവാ അതിതൃഷ്ണ-ആയതിനാൽ എളുപ്പം മനസ്സിലാക്കാനാവും. ഈശോ നേരിട്ടതാകട്ടെ, ദൈവികദൗത്യവും മെസയാനിക പ്രവർത്തനവും തിരസ്കരിക്കാനുള്ള പരീക്ഷണമാണ്; അവ കർത്താവിനെ കുരിശിൽനിന്നു പിന്തിരിപ്പിക്കാനായിരുന്നു. കുരിശിനുപകരം പരമാവധി ജനപ്രിയ ങ്ങളായ മൂന്നുവഴികൾ പിശാച് നിർദ്ദേശിക്കുന്നു. മനുഷ്യ സ്വഭാവം സ്വീകരിച്ചില്ലെങ്കിൽ ഈശോ പരീക്ഷിക്കപ്പെടുമായിരുന്നില്ല. തന്റെ പ്രിയപ്പെട്ടവരെ പരീക്ഷണങ്ങളിലൂടെയും വേദനകളിലൂടെയും 'പൂർണ്ണരാക്കുക' എന്ന ദൈവിക ശിക്ഷണത്തിൽ ഈശോയും ഭാഗഭാക്കായി (ഹെബ്രാ.4:15). കുരിശിലൂടെയേ കിരീടത്തിലെത്തൂ.

കർത്താവ് ഒറ്റപ്രാവശ്യംകൊണ്ട് പരീക്ഷകനെ എന്നന്നേക്കുമായി പരാജയപ്പെടുത്തി എന്നു ചിന്തിക്കരുത്. കേസറിയാ ഫിലിപ്പിയിൽ വച്ച് പത്രോസ് ഇതേ രീതിയിൽത്തന്നെ കുരിശിന്റെ മാർഗ്ഗത്തിൽനിന്ന് അവിടുത്തെ വ്യതിചലിപ്പിക്കാൻ ശ്രമിച്ചപ്പോൾ അവനും സാത്താനെന്നു വിളിക്കപ്പെട്ടു എന്നു മാത്രമല്ല സാത്താനോടു പറഞ്ഞ അതേ വാക്കുകൾ തന്നെ പത്രോസിനോടും പറയപ്പെട്ടു (മത്താ. 16:23). സ്വാതന്ത്ര്യത്തിന്റെ വില നിതാന്തജാഗ്രതയാണ്. ക്രൈസ്തവവിശ്വാസിക്ക് അഥവാ പടയാളിക്ക് വിശ്രമമില്ല. പരീക്ഷണത്തിനതീതരാകാനും പരീക്ഷകന്റെ ശക്തി എന്നന്നേക്കുമായി തകർക്കാനും ആഗ്രഹിക്കുന്നവർ നിരാശരാകും. കാരണം ഈശോയ്ക്ക് കുരിശിൽപോലും പരീക്ഷണമുണ്ടായി. കൂടുതൽ ദാനങ്ങൾ ലഭിച്ചവർക്ക് കൂടുതൽ പരീക്ഷയുണ്ടാകും; നമുക്കു ലഭിച്ച ദാനങ്ങളിലൂടെയാണ് നാം പരീക്ഷിക്കപ്പെടുക.

മരുഭൂമിയിലെ പരീക്ഷണമാണ് ആദ്യം നടക്കുന്നത്; ദീർഘനാളായി

ഭക്ഷണമില്ലാതിരുന്നവൻ അപ്പത്തിന്റെ രൂപം പ്രകടമാക്കുന്ന അവിടുത്തെ കല്ലുകളെ അപ്പമാക്കുന്നതിൽ യാതൊരപാകതയും ഇല്ലെന്നു തോന്നാം. മാത്രമല്ല കല്ലുകളിൽനിന്ന് അബ്രാഹത്തിന്റെ സന്തതികളെ ജനിപ്പിക്കാൻ കഴിയുന്നവന് അവയിൽനിന്ന് അപ്പമുണ്ടാക്കുക വളരെ നിസ്സാരം. കുരിശിനെ തട്ടി നീക്കാനുള്ള പിശാചിന്റെ ആഹ്വാനമനുസരിച്ച് ദൈവം വിശക്കേണ്ടവനല്ല, കുരിശിൽകിടക്കേണ്ടവനുമല്ല. കല്ലിൽനിന്ന് അപ്പമുണ്ടാക്കാൻ പറയുന്ന അതേ ശബ്ദമാണ് കുരിശിൽനിന്നിറങ്ങിവരാൻ ആഹ്വാനംചെയ്യുന്നത്(മത്താ.27:40).പിശാചിനോടു കർത്താവു യുദ്ധം ചെയ്യുന്നത് ദൈവത്തിന്റെ ആധികാരിക വചനമാകുന്ന പടച്ചട്ട ഉപയോഗിച്ചാണ് (നിയമ. 8:3). നിയമാവർത്തനപ്പുസ്തകവും സങ്കീർത്തനങ്ങളും ഉപയോഗിച്ചുള്ള ഈശോയുടെ മറുപടികൾ നിയമത്തെയും പ്രവാചകരെയും അറിയുന്നവനും; ആദരിക്കുന്നവനുമായി അവിടുത്തെ വെളിപ്പെടുത്തുന്നു. തനിക്കായി മാത്രമോ തന്റെ ആധിപത്യത്തിനു വേണ്ടിയോ അവിടുന്ന് അദ്ഭുതങ്ങൾ പ്രവർത്തിക്കില്ല. അവിടുന്നു നൽകുന്നവനാണ്; വെറും സ്വീകർത്താവല്ല. എല്ലാ കാലത്തെയും മനുഷ്യനു വിശപ്പുണ്ട്. വിശക്കുന്നവനിൽനിന്ന് അവിടുന്ന് തന്നെത്തന്നെ വേർതിരിക്കുന്നില്ല. അപ്പം തീർച്ചയായും മനുഷ്യനു വേണം. പക്ഷേ അതിനുവേണ്ടി മാത്രം ജീവിക്കാൻ അവൻ മൃഗമോ വെറുമൊരു വയറു മാത്രമോ അല്ല. വയറു നിറയുമ്പോഴുണ്ടാകുന്ന സന്തോഷത്തെ ഉല്ലംഘിക്കുന്ന സംതൃപ്തി മനുഷ്യനു ദൈവത്തിൽനിന്നും അവിടുത്തെ വചനത്തിൽനിന്നും ലഭിക്കും. ആത്മീയതയില്ലാതെ, അപ്പം വർദ്ധിപ്പിച്ച് അദ്ഭുതപ്രവർത്തകന്റെയോ സാമൂഹികപ്രവർത്തകന്റെയോ ചുമതല മാത്രമേറ്റാൽ സമഗ്രവിമോചകൻ പരാജിതനാകും. മനുഷ്യനെ പോഷിപ്പിക്കുവാനുള്ള അപ്പത്തിന്റെ ശക്തിക്കു കാരണക്കാരനായ കർത്താവില്ലാതെ അപ്പം പോലും ഹാനികരമാകും. പരിത്രാണകൻ വെറുമൊരു സാമൂഹികപ്രവർത്തകനല്ല; രക്ഷകൻ വെറുമൊരു അദ്ഭുതപ്രവർത്തകനുമല്ല.

രണ്ടാമത്തെ പരീക്ഷണം സങ്കീ.91:11-12 ന്റെ അടിസ്ഥാനത്തിൽ ദൈവാലയാഗ്രത്തിൽ നിന്നു ചാടി ജനത്തിന്റെ കണ്ണഞ്ചിപ്പിച്ച് ഉന്മേഷ ഭരിതരാക്കാനുള്ളതാണ്. ജനപ്രതീക്ഷയ്ക്കൊത്ത് രക്ഷകനാകാനുള്ള ഇതേ പ്രലോഭനം കാൽവരിയിലും (മത്താ. 27:42-43) കാണാം. നിന്ദിതനും പരിത്യക്തനുമായി കുരിശിലേറാതെ, അല്പം സാഹസികത കാട്ടുക. ഗിരിശൃംഗത്തിലും കുരിശിലും കയറി നിത്യസത്യങ്ങൾ പ്രസംഗിക്കാതെ താഴേക്കു ചാടി നിലംതൊടാതെ നില്ക്കുക. യഥാർത്ഥത്തിൽ ദൈവത്തിൽ വിശ്വസിക്കുന്നവനു ലഭിക്കുന്ന സംരക്ഷണയെപ്പറ്റിയാണ് സങ്കീ. 91 പറയുക. അതേറ്റവും കൂടുതൽ ലഭ്യമാകുന്നത് ദൈവാലയത്തിലും. നിയമ. 6:16 ഉദ്ധരിച്ച് പരീക്ഷണത്തെ നേരിട്ടു കർത്താവ്. അനാവശ്യമായി അപകട സാധ്യതകൾ ഏറ്റെടുക്കുന്നത് തിന്മ തന്നെയാണ്. ദൈവപരിപാലനപരീക്ഷിക്കപ്പെടാനുള്ളതല്ല. യഥാർത്ഥ പീഡാനുഭവത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും പരിഹാസമായി ജീവിതത്തെ തരംതാഴ്ത്തരുത്. യുക്തിരഹിതമായ

സാഹസികത പരിപാലകനായ ദൈവത്തോടുള്ള ദുരഭിമാനിയുടെ പ്രതികരണമാണ്. ദൈവത്തെ പരീക്ഷിക്കരുത്; പൂർണ്ണമായിസേവിക്കണം.

നുണ തന്നെ അസ്തിത്വമായവന്റെ മറ്റൊരു കടുത്ത നുണയിന്മേലാണ് മൂന്നാമത്തെ പരീക്ഷണം. സകലത്തിന്റെയും കാരണഭൂതനും കർത്താവുമായവനോടു തന്നെ പിശാച് പറയുന്നു, മലമുകളിൽനിന്ന് കണ്ട ഭൂമിയിലെ സകല രാജ്യങ്ങളും അവയുടെ മഹത്ത്വവും തന്നെ ആരാധിച്ചാൽ അവിടുത്തേക്കു കൊടുക്കാമെന്ന്. അതിനായി ദൈവജനത്തിന്റെ വിഗ്രഹാരാധനപോലെ ദൈവപുത്രൻ സാത്താനാരാധന നടത്തണമത്രേ. പിതാവിനോടു വിധേയത്വം പുലർത്തി സഹനമാർഗ്ഗം തിരഞ്ഞെടുത്തവനു സ്വയംപര്യാപ്തതയിൽ സ്വതന്ത്രനായി വർത്തിക്കാവുന്ന രക്ഷകവേഷം ആകർഷകമല്ലേ എന്ന ചോദ്യമാണ് പരീക്ഷകനുള്ളത്. ദൈവത്തോടുള്ള വിശ്വസ്തതയുടെ അടയാളമായ ദൈവസ്നേഹത്തെക്കാൾ അധികാരവും സമ്പത്തും ഇഷ്ടപ്പെടുവാനുമുള്ള പ്രലോഭനമാണിവിടെ. നിയമ. 6:13 ൽ നിന്നുത്തരം നല്കുമ്പോൾ ഏകദൈവാരാധനയാണിവിടെ, ഉയർത്തിപ്പിടിക്കുക.ഇന്നു പിശാച് ഇല്ലെന്നു വിശ്വസിക്കുന്നവരുടെ എണ്ണം കൂടുതലായതിനാൽ പിശാച് സന്തോഷിക്കുന്നു. തന്റെ മരണത്തെപ്പറ്റിയുള്ള വാർത്ത പ്രചരിപ്പിക്കാൻ പിശാച് തന്നെ സഹായിക്കും. സത്ത തന്നെ അസ്തിത്വമായ ദൈവം തന്നെത്തന്നെ നിർവ്വചിക്കുന്നത് 'ആയിരിക്കുന്നവൻ' എന്നാണ്. പിശാചിന്റെ സത്ത നുണയാണ്.അവൻ സ്വയം നിർവ്വചിക്കുന്നത് 'അസ്ഥിത്വമില്ലാത്തവൻ' എന്നാണ്. തന്റെ അസ്ഥിത്വത്തിൽ വിശ്വസിക്കാത്തവരെ സംബന്ധിച്ച് പിശാചിനു പ്രശ്നമില്ല. കാരണം അവർ അവന്റെ പക്ഷത്തായി കഴിഞ്ഞു എന്നാണ് ബിഷപ് ഷീൻ വ്യാഖ്യാനിക്കുക.



# നമ്മൾ പകലിന്റെ മക്കൾ

ഫാ. സെബാസ്റ്റ്യൻ തോണിക്കുഴി

''അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിന് ഈശോയെ ആത്മാവ് മരുഭൂമിയിലേക്കു നയിച്ചു'' (മത്തായി 4:1). പരിശോധനകൾ ദൈവികപദ്ധതിയുടെ ഭാഗമാണ്. ലോകാരംഭം മുതൽ ഇത്തരം പരിശോധനകളിലൂടെ വിശ്വാസികൾക്കു കടന്നുപോകേണ്ടിവന്നിട്ടുണ്ട്. ആദം, ഹവ്വ, അബ്രാഹം, മോശ, ജോബ് എന്നിവർക്കൊക്കെ പരീക്ഷകൾ ഉണ്ടായിട്ടുണ്ട്. ചിലരൊക്കെ അതിൽ പരാജയപ്പെടുകയും മറ്റു ചിലർ ഭാഗികമായി വിജയിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം

പരിശോധനകളാണ് വിശ്വാസ ജീവിതത്തിന്റെ മാറ്റ് വ്യക്തമാക്കുന്നത്. പരസ്യജീവിതം ആരംഭിക്കുന്നതിനു മുന്നോടിയായി ദൈവം മനുഷ്യപുത്രനെയും ഇതിനു വിധേയമാക്കുന്നു. ഇതിൽ പൂർണ്ണമായും വിജയിച്ച് ഈശോ മറ്റുള്ളവർക്കു മാതൃക നല്കുകയും പരീക്ഷകളിൽ ജയിക്കാനുള്ള ശക്തി പകരുകയും ചെയ്യുന്നു.ബൈബിളിൽ, മരുഭൂമിയനുഭവത്തിനും പരിശോധനകൾക്കും തമ്മിൽ ഗാഢമായ ബന്ധമുണ്ട്. മോശയുടെ നേതൃത്വത്തിൽ ആറു ലക്ഷത്തോളം ആളുകൾ നാല്പതുകൊല്ലം മരുഭൂമിയിലൂടെ വാഗ്ദാനനാട്ടിലേക്കു യാത്ര ചെയ്യുകയുണ്ടായി. ഇവർക്ക് മരുഭൂമിയിൽ വച്ച് അനേകം പരീക്ഷകളെ നേരിടേണ്ടിവന്നു. എന്നാൽ ഇവരിൽ മിക്കവരിലും ദൈവം പ്രസാദിച്ചില്ല (1 കൊറി. 10:5). അവർ ചെങ്കടൽ കടന്നവരും ഒരേ ആത്മീയശിലയിൽ നിന്നു പാനം ചെയ്തവരും ആയിരുന്നു. യാത്രയ്ക്കു സഹായകമായി അവർക്കു മേഘത്തണലും ദീപസ്തംഭവും ദൈവം ഒരുക്കിയിരുന്നു (1. കൊറി.10:2). നാല്പതു കൊല്ലത്തെ യാത്രയിൽ അവരുടെ വസ്ത്രം ജീർണ്ണിക്കുകയോ ചെരിപ്പിന്റെ വള്ളി പൊട്ടുകയോ കാൽ നീരുവച്ചു വീങ്ങുകയോ ചെയ്തില്ല (നിയമ. 8:4). അവരുടെയിടയിൽ ബലഹീനരോ രോഗികളോ ഉണ്ടായിരുന്നില്ല (സങ്കീ. 105:37). വിശന്നപ്പോൾ അവർക്ക് ദൈവം മന്നായും കാടപ്പക്ഷികളും നല്കി. ഇത്രയേറെ അനുഗ്രഹം ലഭിച്ചിട്ടും ഇവരിൽ ദൈവത്തിനു പ്രസാദിക്കാൻ കഴിഞ്ഞില്ല. അനുസരണക്കേടു കാണിച്ച അവരെ തന്റെ വിശ്രമസ്ഥലത്തേക്കു പ്രവേശിപ്പിക്കുവാൻ ദൈവം അനുവദിച്ചില്ല (ഹെബ്രാ. 3:17). അവർ ദൈവത്തിന്റെ വാക്കുകളെക്കാൾ അപ്പത്തിനു പ്രാധാന്യം നല്കി. നിരവധിയായ അദ്ഭുതങ്ങൾക്ക് സാക്ഷികളായിട്ടും അവർ ദൈവത്തെ പലപ്പോഴും പരീക്ഷിച്ചു. എന്നു മാത്രമല്ല ദൈവത്തെ വിട്ടുകളഞ്ഞ് അവർ കാളക്കുട്ടിയെ ആരാധിക്കുകയും ചെയ്തു.

ഇതിനു സമാനമായ പരീക്ഷകളാണ് ഈശോ മരുഭൂമിയിൽ നേരിടുന്നതും വിജയിക്കുന്നതും. അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വാക്കുകൾകൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നതെന്നും ദൈവത്തെ പരീക്ഷിക്കരുതെന്നും ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്നും ഈശോ അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു. നമ്മോടു സമനായിരുന്നിട്ടും അവൻ പാപം ചെയ്തില്ല (ഹെബ്രാ. 4:15). സ്വയം പ്രസാദിപ്പിക്കുവാൻ ശ്രമിച്ചുമില്ല (റോമ. 15:3). തന്മൂലം ഈശോയ്ക്കു കൂടെയുള്ളവരെയും കൂട്ടി വാഗ്ദാനനാട്ടിലേക്ക്-സ്വർഗ്ഗത്തിലേക്ക് കടക്കാൻ കഴിയുന്നു. ഈ മുറിച്ചുകടക്കലിനുള്ള ഒരുക്കമായിരുന്നു ഈശോയ്ക്കു മരുഭൂമിയിലെ പരിശോധനകൾ. ഇത്തരം പരിശോധനകളിലൂടെ കടന്നുപോയപ്പോൾ ആദിമാതാവായ ഹവ്വാ പരാജയമടഞ്ഞു. ദൈവത്തിന്റെ കല്പന മറന്ന് അവൾ പഴം തിന്നു. ഇതിനു ജീവിതത്തിന്റെ അഹന്തയും കണ്ണിന്റെ ദുരാശയും ഇടയാക്കി. വിശ്വാസത്തെക്കാൾ യുക്തിക്ക് അവൾ പ്രാധാന്യം നൽകി. അഹങ്കാരവും അതിൽനിന്ന് ഉടലെടുക്കുന്ന സ്വയം നീതീകരണപ്രവണതയും ഹവ്വായെ പാപത്തിലേക്കു നയിച്ചു. നിറമുള്ള പഴം കണ്ടപ്പോൾ അവൾ അതാവശ്യപ്പെടുന്നു. കണ്ണിനെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല.

ചുരുക്കത്തിൽ, ഹവ്വ ചെയ്ത പാപം മൂന്ന് - അഹങ്കരിച്ചു, കണ്ടു, തിന്നു. ഈ മൂന്നു മേഖലകളും ഈശോ ജയിക്കുന്നു.

ഒരു സാധാരണക്കാരനും ഈ മൂന്നു കാര്യങ്ങളിലാണ് പരീക്ഷിക്കപ്പെടുന്നത്. അഹങ്കാരം, അസൂയ, ദ്രവ്യാസക്തി, കോപം, കൊതി, മോഹം, അലസത എന്നിങ്ങനെ മനസ്സിൽ ജനിക്കുന്ന പാപങ്ങളെ പരമാവധി ഒഴിവാക്കാനുള്ള സമയമാണ് നോമ്പുകാലം. കാണുന്നതെല്ലാം വേണമെന്ന ശാഠ്യം ഒഴിവാക്കാം. ജഡികത, ഇന്ദ്രിയപരത, സ്വയംകേന്ദ്രീകൃതസ്വഭാവം ഇവയൊക്കെ മാറ്റിയെടുക്കാൻ നോമ്പുകാലത്തു നമുക്കും പരിശ്രമിക്കാം.

SMCC-VACHANAVEDI http://www.syromalabarcatechesis.org